# നടുവട്ടം

# എൽ.പി.എസ്

## അക്കാദമിക

## മാസ്റ്റർ പ്ലാൻ

ആമുഖം

സ്കൂളിലെ എല്ലാ കുട്ടികളേയും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാനുഭവം നൽകും. സ്കൂൾ അന്തരീക്ഷം, അവസരതുല്യത, സാമൂഹ്യനീതി ഉറപ്പാക്കുന്നതാണ്. എല്ലാ ക്ലാസ്മുറികളും ആധുനികസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ ശ്രമിക്കും. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലും സ്കൂൾ മാതൃക സൃഷ്ടിക്കുന്നു. വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോക്കം കൊണ്ടുവരാനും സ്കൂളിൽ ശ്രമിക്കുന്നുണ്ട്. കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു. വിദ്യാഭ്യാസത്തിൽ ജനാധിപത്യപൂർണത ഉറപ്പാക്കും. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുന്നു.

വിദ്യാലയത്തിന്റെ പൊതുലക്ഷ്യങ്ങൾ

വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷികമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും. ജനപങ്കാളിത്തത്തോടെ വികസനപദ്ധതികൾ സാമൂഹികമായി വിലയിരുത്തും. വിദ്യാലയത്തിന്റെ ജനപങ്കാളിത്തത്തോടെ വികസനപദ്ധതി തയ്യാറാക്കും. കാർഷികസംസ്കാരം വളർത്തിയെടുക്കുവാൻ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതു വിദ്യാഭ്യാസത്തിന്റെ മേന്മകളും സൗകര്യങ്ങളും പൊതുസമൂഹത്തെ അറിയിക്കുകയും സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

എല്ലാ കുട്ടികൾക്കും തങ്ങളുടെ അക്കാദമിക മികവുകൾ പൊതുസമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കിയെടുക്കുന്നു. പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്താണെന്ന ബോധം ജനമനസ്സിൽ ഉണ്ടാക്കിയെടുക്കുക. ആധുനികസാങ്കേതികവിദ്യയിൽ എല്ലാ കുട്ടികളേയും മുൻനിരയിലേക്ക് കൊണ്ടുവരുമെന്ന ലക്ഷ്യത്തോടെയുള്ള കമ്പ്യൂട്ടർ പഠനം. പാഠഭാഗവുമായി ബന്ധപ്പെട്ട് ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്താൻ സാധിക്കുന്ന ഭാഗങ്ങൾ പട്ടികപ്പെടുത്തുകയും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉള്ള ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ നട

## ആരോഗ്യസംരക്ഷണം

ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാലയത്തിൽ ജൂൺ ആദ്യവാരം കുട്ടികൾക്ക് ഹെൽത്ത് ചെക്കപ്പും മാസം തോറും iron folic acid സപ്ലിമെന്റും നൽകി വരുന്നു. അസംബ്ലിയിൽ പ്രഥമാധ്യാപിക വ്യക്തിശുചിത്വത്തെക്കുറിച്ച് സംസാരിച്ചു. ദിവസവും കുളിച്ച് നഖങ്ങൾ വൃത്തിയാക്കിയും സ്കൂളിൽ എത്തണമെന്നും അധ്യാപിക പറഞ്ഞു.

ആഹാരശീലങ്ങൾ എന്ന വിഷയുമായി ബന്ധപ്പെട്ട് സ്കൂളിൽ ഷുഗർ ബോർഡ് സ്ഥാപിച്ചു. ഉച്ചഭക്ഷണത്തിൽ ഇലക്കറികളും ധാന്യങ്ങളും കൂടുതലായി നൽകാൻ തീരുമാനിച്ചു. ജങ്ക് ഫുഡ് ഒഴിവാക്കുന്നതിനെപ്പറ്റിയും സമീകൃത ആഹാരം ഭക്ഷണശീലത്തിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റിയും ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് സിസ്റ്റർ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ് നൽകി. ആരോഗ്യ സംരക്ഷണത്തിൽ പാചകതൊഴിലാളിയും ശ്രദ്ധചെലുത്തണമെന്ന് അറിയിച്ചു.

പകർച്ചവ്യാധികൾ പകരാൻ മൺസൂൺ കാലമായതിനാൽ സാധ്യത ഏറെയാണ്. പരിസര പ്രദേശങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നതിനാൽ കൊതുക്, പ്രാണികൾ മുട്ടയിടുകയും പകർച്ചവ്യാധികൾ പകരാൻ സാധ്യത ഉണ്ടാകുകയും ചെയ്യും. അതിനാൽ മലിനജലം കെട്ടിക്കിടക്കാതിരിക്കാൻ ശ്രദ്ധ പുലർത്തണം. കുളങ്ങളിലും ജലാശയങ്ങളിലും മലിനജലം കെട്ടിക്കിടക്കുന്നതിനാൽ എലിപ്പനി, ഡങ്കിപ്പനി മുതലായ രോഗങ്ങൾ പടർന്നു പിടിക്കാൻ സാധ്യത ഉണ്ട്. കാലുകളിലും മറ്റും മുറിവിലൂടെ രോഗം പകരാൻ സാധ്യത ഉള്ളതിനാൽ കുട്ടികൾ മലിനജലത്തിൽ ഇറങ്ങാൻ ഇടവരുത്തരുത്. തുടങ്ങിയ കാര്യങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തുകയും [illegible]

എല്ലാ കുട്ടികളും അതാതു ക്ലാസിൽ തന്നെ നേടേണ്ട ശേഷികൾ ഉറപ്പിക്കാനുള്ള സാഹചര്യം ഒരുക്കി മലയാളം, ഇംഗ്ലീഷ് എന്നിവയ്ക്ക് പ്രാധാന്യം നൽകി അക്ഷരക്കളരി, ഇംഗ്ലീഷ് അസംബ്ലി എന്നിവ നൽകാൻ തീരുമാനിച്ചു.

എല്ലാ രീതിയിലും മികച്ചതും മുന്നിട്ടു നിൽക്കുന്നതുമായ സ്കൂളാണ് എന്റെ സ്വപ്നം. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടതും സ്മാർട്ട് ക്ലാസ്റൂമുകൾ ഐ.സി.റ്റി സാധ്യതകൾ മെച്ചപ്പെട്ടതുമായ ഒരു സ്കൂൾ ആകണം, എന്നോത് മൂന്ന് ഭാഷകളിലേയും അടിസ്ഥാന ഭാഷാ പരിജ്ഞാനവും നേടുക എന്നതാണ് എന്റെ വീക്ഷണം. ഇതിനായി സെമിനാർ പ്രവൃത്തിപരിചയ പഠനം ദിനാചരണം ഇംഗ്ലീഷ് പഠനം പരിപോഷിപ്പിക്കൽ ഇവയെല്ലാം വളർത്തുന്നതാകണം നാളത്തെ എന്റെ വിദ്യാലയം.

പഠനവിഷയങ്ങളിൽ ആശയവ്യക്തത ഉണ്ടാകണം. സയൻസ്, കണക്ക്, ഐ.ടി. വിഷയങ്ങളിലും ധാരണയും കഴിവും നേടണം. എല്ലാ കുട്ടികളേയും എഴുത്തും വായനയും അറിയുന്നവരും നിരീക്ഷണശേഷിയുള്ളവരായും വളർത്തുക എന്നതാണ് എന്റെ ആഗ്രഹം.

## കായികക്ഷമത

കുട്ടികളിലെ കായികക്ഷമത വർധിപ്പിക്കുന്നതിനും വൈകാരിക വൈജ്ഞാനിക മേഖലകൾ പോഷിപ്പിക്കുന്നതിനും കായികപ്രവർത്തനങ്ങ സഹായിക്കുന്നതിനും കായികശേഷി ആകർഷകമാക്കുന്നതിനും സൂംബ പോലെയുള്ള നൃത്തവ്യായാമം ചെയ്യിപ്പിക്കാൻ തീരുമാനിച്ചു. പേശീ-ചലനത്തിനും സൂക്ഷ്മ പേശി വികാസത്തിനും സഹായിക്കുന്ന നൃത്ത-ഇനങ്ങൾ കുട്ടികൾക്ക് കനത്തുകം ചെലുത്തുന്ന രീതിയിൽ ചെയ്യാൻ തീരുമാനിച്ചു. കുട്ടികൾക്ക് സൗജന്യ കരാട്ടേ- ക്ലാസ് നൽകുന്നു.

## ദിനാചരണങ്ങൾ

ദിനാചരണങ്ങൾ ലഘുവായ രീതിയിൽ കുട്ടികൾക്ക് ദിനങ്ങളുടെ പ്രത്യേകതകൾ മനസ്സിലാകുന്ന രീതിയിൽ ചെയ്യാൻ തീരുമാനിച്ചു. സമൂഹത്തിൽ നിത്യേനയുള്ള സംഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനും ഇത്തരത്തിലുള്ള ദിനാചരണങ്ങൾ കുട്ടികളെ സഹായിക്കുന്നു.

# ആഗസ്റ്റ്

- തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ
- കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.

## സെപ്റ്റംബർ

- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടിയുടെ വാചിക പ്രകടനങ്ങൾ)
- ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ
- ചിത്രവായനാക്കാർഡുകൾ തയ്യാറാക്കൽ.
- കൂട്ടുവായന - കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന, നടത്തുന്നു.

## ഒക്ടോബർ

- ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.
- വേദികളിൽ സ്വതന്ത്രമായി കഥ പറയൽ.

## നവംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.

# പ്രവർത്തന പദ്ധതി

ലക്ഷ്യം 1 ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

## ജൂൺ

- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
- രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.

## ജൂലൈ

- ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
- വീട്ടുവായന - രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു (ചൂണ്ടിവായന)
- കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
- കഥാശില്പശാല
- ചിത്രകാർഡുകൾ, വായനകൾ, നിർമാണ ശില്പശാല.
- ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും, പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ.

ക്ലാസ് - I

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# മലയാളം

- കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം
- നാട്ടുവായന - കുട്ടികൾ നിർമ്മിച്ച കഥകൾ അവർതന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

## ജനുവരി

- ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
- വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

## ഫെബ്രുവരി

- ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
- കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

## മാർച്ച്

- ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു.
- സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.
- നവ മാധ്യമങ്ങളിൽ പങ്കിടുന്നു. (നാട്ടുവായന)

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ ക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സചിത്ര പുസ്തകം, സംയുക്ത ഡയറി, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇട-പെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധ-തിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായി-കൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.
- വിവിധ ബോധവത്കരണ ക്ലാസുകൾ നടത്തും.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിനുള്ള സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെ ടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

# ആഗസ്റ്റ്

## പ്രവർത്തനങ്ങൾ

- റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര രചന വായന കാർഡുകൾ എന്നിവ തയാറാക്കുന്നു, അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു

# സെപ്റ്റംബർ

## പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
- അനുഭവാധിഷ്ഠിതമായ പഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

- കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
- കുട്ടികൾ സ്വതന്ത്രമായി എഴുതിയ കവിത, കഥ എന്നിവ പ്രകാശനം ചെയ്യുന്നു.
- സംയുക്ത ഡയറി മികച്ചത് പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കൽ

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം, രചനോത്സവം ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
- തന്മയ രചനകൾക്ക് അവസരം
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികളുടെ രചനകൾ, ഉത്പന്നങ്ങൾ മാഗസിൻ ആക്കുന്നു
- വീട്ടുവായന, കൂട്ടവായന, അമ്മ വായന എന്നിവയ്ക്ക് അവസരം
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ടുവായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചന ശേഷി പരിപോഷിപ്പിക്കൽ
- ദൈനദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
- ലഘുകവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

# ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യകൾ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ

ക്ലാസ് - I

2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതം

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

> സംഖ്യകൾ ആരോഹണ - അവരോഹണ ക്രമത്തിൽ എഴുതൽ

> ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

> ഒരക്ക - രണ്ടക്ക സംഖ്യകൾ തമ്മിലുള്ള വ്യവകലന ക്രിയകൾ ചെയ്യുന്നു.

> സങ്കലന - വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

> ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

> ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.

> വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

> ഗണിതാശയവുമായി ബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.

> ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

> ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ

> സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

## ജൂൺ

> സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
> സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

> ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
> സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

> ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
> കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
> ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്തംബർ

> സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
> ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന, വ്യവകലന ക്രിയകൾ നടത്തൽ
> ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
> സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

> ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
> ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്
> വലിയ, ചെറിയ സംഖ്യകൾ തിരിച്ചറിയൽ
> ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

Class - I

# Academic Master Plan 2025-2026

# English

June

Introduce simple words
Provides picture cards

July

Identify familiar words
Say familiar words
Read familiar words
Write familiar words

August

Enjoy songs and sings them with rhythm action
- Describes orally about pictures and objects adjectives

September

- Read and write simple words and simple sentences
- Provides picture cards and reading

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate

## Objectives and Learning Outcomes

> Respond to simple instructions in the classroom.

> Describe orally about the pictures and objects

> Familiarise with simple words.

> Enjoy songs and sings them with Rhythm and action

> Familiarise the name of birds, animals, their young ones and identifies them from pictures.

- collect pictures of animals and it young ones.

February

- Provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speak English fluently
- Read and write simple sentences
- Picture reading and picture description.

## October

- Introduce symbol picture descriptions
- Make word chain, sentence chain
- Make riddles
- Describing words, rhyming words
- Textbook activities

## November

- Prepare reading cards
- Provide more opportunities to read, right and speak English.
- write five English words daily.

## December

- Read and understand simple instructions in the classroom.
- Encourage digital reading.

## January

- Enjoy songs and sings them with Rhythm and action
- Make picture albums

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ' തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

# ക്ലാസ് - II

# അക്കാദമിക
# മാസ്റ്റർ പ്ലാൻ 2025-26

# മലയാളം

## ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ
- വികസിപ്പിക്കൽ
- ആരോഗ്യശീലങ്ങൾ, വ്യക്തിശുചിത്വം... എന്നീ ബോധവത്കരണ ക്ലാസുകൾ നടത്തും.

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി / ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം

## സെപ്തംബർ

- വായിച്ചറിഞ്ഞ കഥകളെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.

## ഫെബ്രുവരി

- ഭാഷണം, ലേഖനം എഴുതൽ
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

## മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- ഓരോ കുട്ടിയും മാഗസിൻ തയാറാക്കൽ
- വീട്ടു വായന, കൂട്ടു വായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം.
- പതിപ്പുകൾ തയ്യാറാക്കുന്നതിന് മുൻഗണന നൽകുന്നു

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

- വ്യക്തിഗത മാഗസിൻ തയ്യാറാക്കൽ
- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കൽ.
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക, തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കുകയും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം, എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ
- സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ക്ലാസ് - II

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ഗണിതം

> ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയം [illegible] ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ [illegible]

## സെപ്തംബർ

- ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.

## നവംബർ

- സ്ഥാനവില തിരിച്ചറിയൽ
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- 'ക്ലാസിനൊരു' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

## ജൂൺ

- 1, 2, 3, 4 . . .

  1, 3, 5, 7 . . .

  10, 20, 30, 40 . . .

  5, 10, 15, 20 . . . .

  2, 4, 6, 8 . - . . . -

  തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

CLASS - II

# ACADEMIC MASTER PLAN

2025 - 2026

# ENGLISH

## ഡിസംബർ

- സംഖ്യബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിന്
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലന - വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

## ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതഗാനാലാപന
- ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കൽ.

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ കറുത്ത, ചുവന്ന അക്കങ്ങൾ തിരിച്ചറിയുന്നത്
- കലണ്ടർ സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ തിരിച്ചറിയൽ, രൂപീകരിക്കൽ
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

## June

- Introduce simple words
- Provides picture cards

## July

- Identify familiar words
- Say familiar words
- Read familiar words
- write familiar words

## August

- Enjoy songs and sings them with Rhythm and action
- Read passages, reading cards

## September

- Write simple sentences
- picture description
- Read reading cards
- Make riddles
- Textbook activities

Aim - To speak, Read and write without any mistakes.

Time - June - March

Objectives

> Respond to simple instructions in the classroom

> Describe orally about the pictures and objects

> Familiarise with simple words

> Enjoy songs and sings them with Rhythm and action.

## February

- word chain
- sentence chain
- Textbook activities
- Speak english fluentty

## March

- Make magazines
- Announcement, speech
- Story realing
- story description.

Assembly activities

October

- Make picture albums
- Encourage digital reading
- Textbook activities
- Assembly activities

November

- Read stories
- write simple conversations
- Assembly activities
- Speech
- Book reviews

December

- Make word web
- Speech
- Book reading
- Quiz

January

Develop story description

- Diary writing
- Letter writing
- Announcement

# സന്നദ്ധതാ പ്രവർത്തനങ്ങൾ

* അധ്യാപിക ക്ലാസ്സിൽ ഒരു കളി പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ പരിചയപ്പെടുന്ന തരത്തിലുള്ള കളികൾ ചെയ്യിപ്പിക്കുന്നു.

* വായനസാമഗ്രി ഉപയോഗിച്ച് കുട്ടികളെ വായിപ്പിക്കുന്നു - വാക്കുകൾ ആവർത്തിച്ച് വരുന്ന വാക്യങ്ങൾ വായിക്കുന്നു.

* പദം കണ്ടെത്തൽ കളി

പദസൂര്യൻ വരക്കുന്നു. ഓരോ അക്ഷരത്തിലും തുടങ്ങുന്ന പരമാവധി പദങ്ങൾ കണ്ടെത്തുന്നു.

* അർത്ഥപൂർത്തി വരുന്ന വിധത്തിൽ വാക്യം ക്രമീകരിക്കുന്നു. വ്യത്യസ്ത വാക്യങ്ങൾ നൽകി കുട്ടികളെ കളിപ്പിക്കുന്നു.

# നടുവട്ടം എൻ.പി.എസ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് : 3

# മലയാളം

## ലക്ഷ്യങ്ങൾ

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗ്ഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

* സംഖ്യാകാർഡുകൾ ചേർത്തുവെച്ച് പരമാവധി വലുതായ സംഖ്യകൾ എഴുതുവാൻ അവസരം നൽകുന്നു.

* സംഖ്യകളിൽ വലുതും ചെറുതുമായ സംഖ്യകൾ കണ്ടെത്തി ക്രമീകരിക്കുന്നു.

* ശുചിത്വം - മാലിന്യ സംസ്കരണം - ബോധവത്ക്കരണം

* ആരോഗ്യ ശീലങ്ങൾ - അവബോധം.

* പരസ്പര സഹകരണം - ചർച്ച, അവബോധ ക്ലാസുകൾ.

* ട്രാഫിക് നിയമങ്ങൾ - ബോധവത്കരണ ക്ലാസ്സ്.

# മുന്നൊരുക്കങ്ങൾ

## ജൂൺ - ജൂലായ്

### 1. കനകച്ചിലങ്ക

- നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെടെ)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ, ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
- കടങ്കഥകൾ ശേഖരണം - കടങ്കഥ പതിപ്പ് - കടങ്കഥ പാട്ടുകൾ - കടങ്കഥപ്പയറ്റ്.
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം.
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം.
- പാവനാടകത്തെ അടുത്തറിയാം - ശില്പശാല.

സി.പി.ടി.എ ഒന്നാം വിദ്യാലയം

നാടോടിക്കഥകളുടെ അവതരണം.
നാടൻപാട്ടുകളുടെ അവതരണം.
പാവനാടകം അവതരണം.

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്.

- നാടൻപാട്ട് ശില്പശാല.

# ആഗസ്റ്റ്, സെപ്റ്റംബർ

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ.
- നാടക ശില്പശാല.
- റോൾപ്ലേ അവതരണങ്ങൾ.
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
- സ്കൂൾ പത്രം.
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

# English

Aim: To Speak, Read & write English without any mistakes

Time: June to March

PRETEST

To check the vocabulary and writing Skills of pupils.

June and July

To develop listening skills and reading Skills.

Listening Skills

· Games, Action Songs Hello English activities.

- Conversations, Skit, Stories used ict.

Speaking skills

· Identify the naming words from the picture.
· Identify the action words from the same pictures.
· Make Simple Sentences using the action word and naming words about the picture.

. Make Symbol descriptioo about the picture.

. Growing Sentences, picture reading, Self introduction School Radio etc.

## August and Speteobed

. Develop the Creative Speaking and writing

### Reading Skills

1. News paper reading, library books reading, book review, reading breaking news.
2. find words
3. Collect and read past tense.
4. Rhyming words.
5. Describing words etc.
6. Textbook activities.

### Writing Skills

1. Make word web.
2. Picture description with describing words.

3. word chain Sentence chain

4. Make words & Sentences.

5. Make riddles, Conversations

6. Add More lines.

Activities - Speech, book review, quiz riddles, Self introduction, School radio, Makes description. Magazines etc.

## October and November

To express thoughts, feelings etc

Reading Skill

1. Newspaper reading, library books reading, book reiew, reading.
2. Conversations, skit, stories use ICT Materials.
3. Reads breaking news.
4. develop Story
5. Read notice.

Writing Skills

1. description
2. notice proclamation
3. Thought.

Activities

Speech, quiz, riddles, school Radio, Makes Magazines, skits etc.

# December and January

1. Develop the Creative Speaking and writing.
2. To express thoughts feelings etc.

## Reading Skill

1. News paper reading, library books reading, book review, reading.
2. Conversations, skit Stories use ICT materials.
3. Reads breaking news.
4. develop story.
5. Reads diary
6. Reads letters from friends.

## writing skills

1. diary
2. letter.
3. Anouncement.

Activities: Speech, quiz, riddles, school Radio, Make Magazines etc.

# February and March

To improve the Presentation power.

## Reading skill

1. News paper reading, library books reading, book review, reading.
2. Conversation, skit, stories use ICT materials
3. Reads breaking news.
4. develop story.
5. Reads diary
6. Reads letters from friends.

## writing skills

1. diary
2. letter
3. Announcement
4. description
5. notice proclamation
6. Thought.

## Activities

Speech, quiz, riddles, school radio, skits etc.

# ACADEMIC MASTER PLAN

2025-2026

Standard IV

Naduvattom L.P School

മലയാളം ക്ലാ. 3 - IV

| ലക്ഷ്യം | പ്രവർത്തനം | സമയം |
|---|---|---|
| മധുരം മലയാളം | | |
| ഭാഷാ പഠനം വിനോദകരമാക്കുന്ന പ്രവർത്തനങ്ങൾ | ഭാഷാ പഠനത്തിൽ വിനോദത്തിന് ഊന്നൽ നൽകുന്ന പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | [illegible] |
| വായിക്കാം വളരാം<br>വായനാ ശേഷി വളർത്തൽ | ക്ലാസ്സ് വായന കൂട്ടം. ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദന കുറിപ്പ് പുസ്തക സംവാദം വായന | വർഷം മുഴുവൻ |
| എഴുതാം തെളിയാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്ന് പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ<br>സാഹിത്യകാരന്മാരെ | | ആവശ്യാനുസരിച്ച് |

## അറിവിന്റെ പടവുകൾ

| ലക്ഷ്യങ്ങൾ | | കാലയളവ് |
|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാകുന്നു | അക്ഷരവായന<br>ക്ലാസ്സ് വായന<br>ലൈബ്രറി വായന, ചിത്ര വായന<br>മാസിക വായന<br>വായനമത്സരം | ജൂൺ മാർച്ച് |
| ഭാഷ സംസാരിക്കാൻ ആത്മവിശ്വാസം ഉണ്ടാകുന്നു. | വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ<br>സന്ദർഭങ്ങൾ<br>ലാംഗ്വേജ് ഗെയിംസ്<br>റോൾ പ്ലേ. | |
| പദസമ്പത്ത് വർധിപ്പിക്കൽ<br>വ്യാകരണ | അക്ഷരങ്ങൾ ഉറപ്പിക്കൽ | ജൂലായ് |
| പാഠത്തിന്റെ പരിപോഷണം | ചിഹ്നങ്ങൾ ഉറപ്പിക്കൽ.<br>കുട്ടിപ്പാട്ട്<br>കൈയ്യെഴുത്ത് മാസിക ചുമർ പത്രിക നിർമ്മാണം<br>ചാർട്ടെഴുത്ത്<br>ചിത്രകഥ | സെപ്റ്റംബർ |

# ഇംഗ്ലീഷ് അസംബ്ലി ഭാഷാ പഠനം

| ലക്ഷ്യം | | |
|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ അസംബ്ലി മുഴുവൻ നിയന്ത്രണം കുട്ടികൾക്ക് | വർഷം മുഴുവൻ |
| ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ ഡയറി എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പ് | ആഴ്ചയിൽ മൂന്ന് ദിവസം |
| ഇംഗ്ലീഷ് തിയേറ്റർ<br>സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് ഭാഷാപഠനം ഇംഗ്ലീഷ് പാഠഭാഗങ്ങളെ [illegible] രൂപങ്ങളാക്കി അവതരിപ്പിക്കൽ | മാസത്തിലൊന്ന് |
| ഇംഗ്ലീഷ് മാഗസിൻ<br>സർഗാത്മകതാ രചന ശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ച് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ |

| | | |
|---|---|---|
| അറിവ് ബോധ്യമെ ന്റിനിയ്ക്കുടെ ടങ്ങേട്ട ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകളുമായി സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം |
| രുചിച്ചറിയാം | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ (നാടൻ) പരിചയപ്പെടൽ | ഭക്ഷ്യമേള പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസ്സിലെ പ്രദർശനം | വർഷത്തിലൊന്ന് |

ഓർക്കാം - ഓർമിക്കാം സാഹിത്യകാരന്മാരെ

| | | |
|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ബോധ്യമെന്റ് പ്രദർശനം- പുസ്തക പരിചയം ക്വിസ് പ്രഭാഷണം ജീവിതരേഖ തയാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം |
| കളിക്കൂട്ട് | | |
| പാഠഭാഗവുമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ. |